# ഡിസെബിലിറ്റി നരേറ്റീവുകളും വൈരുധ്യങ്ങളും: 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയെ മുൻനിർത്തിയുള്ള പഠനം

**ഫെൽബിൻ ആന്റണി**
ഗവേഷകൻ, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്.

## പ്രബന്ധസംഗ്രഹം

ഡിസെബിലിറ്റി നരേറ്റീവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെടുകയും 2018ൽ മികച്ച ചിത്രത്തിനുള്ള ഓസ്കാർ അവാർഡ് നേടുകയും ചെയ്ത 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയെ മുൻനിർത്തി ഡിസെബിലിറ്റി നരേറ്റീവുകളിലെ സാധ്യതകളെയും വൈരുധ്യങ്ങളെയും അപഗ്രഥിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ കണ്ടെത്താനും, ഡിസെബിൾഡായ വ്യക്തികളുടെ പ്രണയാനുഭവങ്ങളോടും ലൈംഗികവികാരങ്ങളോടും ആഖ്യാനരൂപങ്ങൾ പുലർത്തുന്ന സമീപനത്തെ പ്രശ്നവൽക്കരിക്കാനും പഠനത്തിലൂടെ ശ്രമിക്കുന്നു. ആഖ്യാനരൂപങ്ങളിൽ ഡിസെബിലിറ്റി മിമിക്രിയുടെ ഘടകങ്ങൾ കടന്നുവരുമ്പോൾ അതു സൃഷ്ടിക്കുന്ന സാമൂഹികചലനങ്ങളെക്കൂടി പഠനത്തിന്റെ ഭാഗമാക്കുന്നു.

**താക്കോൽ വാക്കുകൾ:** നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ, ഡിസെബിലിറ്റി മിമിക്രി, ടോക്സിക് റൊമാന്റിക് ഫാന്റസി.

## ആമുഖം

ഡിസെബിൾഡായ വ്യക്തികളോടുള്ള സാമൂഹികമനോഭാവത്തെ രൂപപ്പെടുത്തുന്നതിൽ ചലച്ചിത്രാഖ്യാനങ്ങൾ വഹിക്കുന്ന പങ്കെന്താണെന്നത് പ്രസക്തമായ ചോദ്യമാണ്. ഡിസെബിൾഡായ വ്യക്തികളുടെ ശാരീരികവും മാനസികവുമായ അവസ്ഥകളെ കൃത്യതയോടുകൂടി അവതരിപ്പിക്കുക എന്നത് പ്രാധാന്യമർഹിക്കുന്നു. നല്ല ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയുള്ള

ആവിഷ്കാരങ്ങൾക്കു ഡിസെബിൾഡായ വ്യക്തികൾ കടന്നുപോകുന്ന പ്രതിസന്ധികളെ ശരിയായ രീതിയിൽ സമൂഹത്തിലേക്ക് എത്തിക്കാനും പൊതുബോധനിർമ്മിതികളെ ചോദ്യം ചെയ്യാനും കഴിയുന്നു. മാത്രമല്ല, ഡിസെബിൾഡായ കഥാപാത്രങ്ങൾ പ്രതിസന്ധികളെ തരണം ചെയ്യുന്നതും വിജയം നേടുന്നതുമായ അവതരണങ്ങൾ, യഥാർത്ഥജീവിതത്തിൽ സമാനമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തികളെ പ്രചോദിപ്പിക്കുന്നതിനും ജീവിതവീക്ഷണങ്ങളിൽ മാറ്റം വരുത്തുന്നതിനും ആത്മവിശ്വാസത്തോടെ മുന്നോട്ട് നീങ്ങുന്നതിനും സഹായിച്ചേക്കാം. ചരിത്രപരമായി ഡിസെബിൾഡായവർക്ക് വിനോദമേഖലയിൽ പ്രാതിനിധ്യം കുറവാണ്. ഡിസെബിൾഡായ അഭിനേതാക്കളുടെ മുഖ്യധാരയിലേക്കുള്ള കടന്നുവരവ് പ്രാതിനിധ്യത്തോടൊപ്പം കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങളും സൃഷ്ടിക്കുന്നു. ഡിസെബിലിറ്റിയുള്ളവർ വേറിട്ടതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ഒരു വിഭാഗമാണെന്ന പ്രബലമായ ആഖ്യാനത്തെ വെല്ലുവിളിക്കാനും പകരം അത് മനുഷ്യാനുഭവത്തിന്റെ സ്വാഭാവികതയാണെന്ന വസ്തുതയെ പ്രോത്സാഹിപ്പിക്കാനും ഇത് സഹായിക്കും. എന്നാൽ ഡിസെബിൾഡായവർക്ക് സമൂഹത്തിലേക്ക് സംഭാവന ചെയ്യാനോ സംതൃപ്തമായ ജീവിതം നയിക്കാനോ സാധിക്കില്ലെന്ന വിശ്വാസത്തെ ശക്തിപ്പെടുത്താൻ കഴിയുന്നതിനാൽ നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ ദോഷകരമാണ്. ഡിസെബിലിറ്റി നരേറ്റീവ് എന്ന വിശേഷണത്തോടെ അവതരിപ്പിക്കപ്പെടുകയും എന്നാൽ വിപരീതമായ ഫലങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ആഖ്യാനമാതൃകകൾ വിമർശിക്കപ്പെടേണ്ടതുണ്ട്.

ഡിസെബിലിറ്റിയെ ആഖ്യാനവിധേയമാക്കുന്ന ശ്രദ്ധേയമായ ചിത്രങ്ങളിൽ ഒന്നാണ് 'ഷേപ്പ് ഓഫ് വാട്ടർ'. മികച്ച ചിത്രത്തിനുള്ള ഓസ്കാർ അവാർഡ് നേടിയ ചിത്രമായിട്ടുകൂടി ഡിസെബിലിറ്റി നരേറ്റീവ് എന്ന ആശയത്തോട് സിനിമ എത്രമാത്രം നീതിപുലർത്തി എന്നത് പ്രസക്തമാണ്. വ്യത്യസ്തമായ അഭിപ്രായങ്ങൾ ഈ സിനിമയെക്കുറിച്ച് നിരൂപകർക്കിടയിൽ നിലനിൽക്കുന്നുമുണ്ട്. 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയുടെ ആഖ്യാനരീതികളെ ഡിസെബിലിറ്റി പഠനങ്ങളെ മുൻനിർത്തി വിമർശനാത്മകമായി അന്വേഷിക്കേണ്ടതുണ്ട്.

### ഷേപ്പ് ഓഫ് വാട്ടർ—സിനിമ

ഗുൽലെർമോ ഡെൽറ്റോറോ സംവിധാനം ചെയ്ത 2017-ൽ പുറത്തിറങ്ങിയ ഇംഗ്ലീഷ് ചലച്ചിത്രമാണ് 'ഷേപ്പ് ഓഫ് വാട്ടർ'. റൊമാന്റിക് ഫാന്റസി ഗണത്തിലാണ് ചിത്രം ഉൾപ്പെടുന്നത്. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ

തുടക്കത്തിൽ, യു.എസ്.എ.യും യു.എസ്.എസ്. ആറും തമ്മിലുള്ള ശീതയുദ്ധകാലത്ത് ബാൾട്ടിമോറിൽ നടക്കുന്ന ഒരു സംഭവമാണ് സിനിമയുടെ ഇതിവൃത്തം. സംസാരശേഷിയില്ലാത്ത ഏകാകിയായ യുവതിയാണ് ഏലീസ. കുട്ടിയായിരുന്നപ്പോൾ വോക്കൽ കോഡുകൾ മുറിഞ്ഞുപോയതിനെത്തുടർന്നാണ് അനാഥയായ അവൾക്ക് സംസാരശേഷി നഷ്ടപ്പെട്ടത്. അമേരിക്കൻ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു രഹസ്യ ഗവേഷണകേന്ദ്രത്തിലെ തൂപ്പുകാരിയായ ഏലീസക്ക കൂട്ടായുള്ളത് സഹജീവനക്കാരിയായ സെൽഡയാണ്. സെൽഡ ഒരു ആഫ്രോ-അമേരിക്കൻ സ്ത്രീയാണ്. ഏലീസയുടെ ആംഗ്യഭാഷ മറ്റുള്ളവർക്ക് പരിഭാഷപ്പെടുത്തുന്നതും സെൽഡയാണ്. ജോലിസ്ഥലം വിട്ടാൽ ഏലീസയ്ക്ക് സുഹൃത്തായുള്ളത് ഏകാന്തവാസം ഇഷ്ടപ്പെടുന്ന, സ്വവർഗാനുരാഗിയായ, ജൈൽസ് ആണ്.

ഒരിക്കൽ ആമസോൺ നദിയിൽനിന്നും പാതി മനുഷ്യനും മത്സ്യവും ചേർന്ന ഒരു അത്ഭുതജീവിയെ ഈ രഹസ്യകേന്ദ്രത്തിൽ എത്തിക്കുന്നു. മത്സ്യത്തിനെപ്പോലെ ചെകിളകളുള്ള, വെള്ളത്തിലും കരയിലും ശ്വസിക്കാൻ സാധിക്കുന്ന ഒരു ജീവിയാണത്. അമേരിക്കൻ സയൻസ് ഫിക്ഷനുകളുടെ സ്ഥിരം ലക്ഷ്യങ്ങളായ ചാന്ദ്രപര്യവേഷണം, റഷ്യൻ ചാരന്മാർ, ശാസ്ത്രപുരോഗതി എന്നിവയാണ് ഈ ജീവിയെക്കൊണ്ട് നേടാനുള്ളത്. ക്രൂരനും സ്വേച്ഛാധിപതിയുമായ സ്ട്രിക് ലാൻഡിന്റെ നേതൃത്വത്തിലാണ് അത്ഭുതജീവിയെ ഗവേഷണകേന്ദ്രത്തിൽ എത്തിക്കുന്നത്. ആ ജീവിയോടുള്ള ക്രൂരമായ പ്രവർത്തികൾക്കിടെ അയാളുടെ രണ്ട് വിരലുകൾ ജീവി കടിച്ചെടുക്കുന്നുണ്ട്. അത് ഭാവവ്യത്യാസങ്ങളില്ലാതെ പെറുക്കിയെടുത്ത് തിരികെ ഏൽപ്പിക്കുന്നത് ഏലീസയാണ്. ആദ്യ കാഴ്ചയിൽ തന്നെ വിചിത്രമായ ഒരു അടുപ്പം ഏലീസയ്ക്ക് അത്ഭുതജീവിയോട് തോന്നുന്നു. പതുക്കെ ആ അടുപ്പം ആശയവിനിമയത്തിലേക്കും പ്രണയത്തിലേക്കും നീങ്ങുന്നു. അവളെപ്പോലെ ആംഗ്യങ്ങളിലാണ് ജീവിയും ആശയവിനിമയം നടത്തുന്നത്. ഏലീസ അത്ഭുതജീവിയുമായി ആശയവിനിമയം നടത്താൻ അമേരിക്കൻ ആംഗ്യഭാഷ ഉപയോഗിക്കുകയും ചെയ്യുന്നു. അമേരിക്കൻ സർക്കാർ അത്ഭുതജീവിയെ കൊല്ലാൻ തീരുമാനിക്കുമ്പോൾ, തന്നെ സ്നേഹിക്കുന്ന ജീവിക്കായി അവൾ എന്തിനും തയാറാകുന്നു. അവരുടെ പ്രണയമാണ് 'ഷേപ് ഓഫ് വാട്ടർ' എന്ന സിനിമയുടെ കേന്ദ്രം. ഏലീസ ഗവേഷണകേന്ദ്രത്തിൽ നിന്നും അത്ഭുതജീവിയെ സെൽഡയുടെയും മറ്റൊരു ശാസ്ത്രജ്ഞന്റെയും സഹായത്തോടെ കടത്തിക്കൊണ്ടുവന്ന് തന്റെ വീട്ടിൽ പാർപ്പിക്കുന്നു. പ്രണയബദ്ധരായ അവർ ലൈംഗികബന്ധത്തിലും

ഏർപ്പെടുന്നുണ്ട്. എന്നാൽ ഏലീസയുടെ പക്കലാണ് അത്ഭുതജീവി ഉള്ള തെന്നറിഞ്ഞ സ്റ്റിക് ലാൻഡിന്റ് അവിടെയെത്തി ജീവിയെ പിടികൂടാൻ ശ്രമിക്കുന്നു. ജീവിയെ കനാലിൽ ഒഴുക്കി രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതിനിടെ ഏലീസക്ക് വെടിയേൽക്കുന്നു. ഏലീസയെ എടുത്തുകൊണ്ട് അത്ഭുതജീവി വെള്ളത്തിലേക്ക് പോവുകയും അവിടെ ഏലീസ ജീവിതത്തിലേക്ക് തിരിച്ചെത്തുന്നതുമായ കാല്പനിക ഭാവത്തിലാണ് സിനിമ അവസാനിക്കുന്നത്.

ഏലീസയായി അഭിനയിച്ച സാലി ഹോക്കിൻസാണ് 'ഷേപ് ഓഫ് വാട്ടറി'നെ നയിക്കുന്നത്. പ്രതിനായക വേഷത്തിൽ മൈക്കിൾ ഷാനൻറെയും സഹനടന്റെ വേഷത്തിൽ മൈക്കിൾ സ്റ്റൽബാർഗിന്റെയും മികച്ച അഭിനയമാണ് കാഴ്ചവെയ്ക്കുന്നത്. ഏലീസയെ സംരക്ഷിക്കുന്ന സെൽഡയായി ഓക്ടേവിയ സ്പെൻസറിന്റെ പ്രകടനവും മനോഹരമാണ്. മികച്ച ചിത്രമടക്കം നാല് അക്കാദമി അവാർഡുകൾ ഈ സിനിമ നേടിയിട്ടുണ്ട്. ഏലീസയുടെ സംസാരവൈകല്യവും അത്ഭുതജീവിയുമായുള്ള പ്രണയവുമാണ് സിനിമയിലെ പ്രധാന പ്രമേയമെങ്കിലും ഡിസെബിലിറ്റി നരേറ്റീവ് എന്ന നിലയിൽ സിനിമ പല മേഖലയിലും വിമർശനവിധേയമാകുന്നു. റൊമാന്റിക് ഫാന്റസി ഗണത്തിൽ ഉൾപ്പെടുമ്പോഴും വൈരുധ്യം നിറഞ്ഞ പ്രണായാഖ്യാനത്തിന്റെ പ്രതിഫലനമായി സിനിമ മാറുന്നു. ഡിസെബിലിറ്റി നരേറ്റീവുകളിൽ മികച്ചതെന്ന് അഭിപ്രായം നേടിയ 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയിലെ ആഖ്യാന വൈരുധ്യങ്ങളെ അന്വേഷിക്കുകയാണ് ലേഖനത്തിന്റെ വരുംഭാഗങ്ങളിൽ.

### നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ

സിനിമകളിലെ നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ എന്നത് ഒരു പ്രത്യേക കൂട്ടം ആളുകളുടെ സംസ്കാരം, വംശം, ലിംഗഭേദം, മതം അല്ലെങ്കിൽ ലൈംഗിക ആഭിമുഖ്യം തുടങ്ങിയവയെക്കുറിച്ചുള്ള ദോഷകരവും നിന്ദ്യവുമായ അനുമാനങ്ങൾ ഉറപ്പിക്കുന്ന വിധത്തിലുള്ള അവതരണങ്ങളെ സൂചിപ്പിക്കുന്നു. നിർഭാഗ്യവശാൽ, സമൂഹത്തിലെ വിവിധ വിഭാഗങ്ങളോടുള്ള ആളുകളുടെ ധാരണകളെയും മനോഭാവങ്ങളെയും സ്വാധീനിക്കുന്ന നെഗറ്റീവ് സ്റ്റീരിയോടൈപ്പുകളുടെ വ്യാപനത്തിനുള്ള ശക്തമായ മാധ്യമമാണ് സിനിമകൾ.

ഡിസെബിലിറ്റി ആഖ്യാനങ്ങളിൽ നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ വലിയ അളവിൽ സ്വാധീനം ചെലുത്തുന്നു. ഈ സ്റ്റീരിയോടൈപ്പുകൾ പലപ്പോഴും ഡിസെബിൾഡായവരെക്കുറിച്ചുള്ള വൈരുധ്യം നിറഞ്ഞ അനുമാനങ്ങളും മിഥ്യാധാരണകളും നിലനിർത്തുന്നു. അവർക്ക് തൃപ്തികരമായ ജീവിതം നയിക്കാനോ സമൂഹത്തിന് സംഭാവന ചെയ്യാനോ സ്വന്തം തീരുമാനങ്ങൾ

എടുക്കാനോ കഴിയില്ലെന്ന തെറ്റായ സന്ദേശം നൽകാനും സ്റ്റീരിയോടൈപ്പുകൾ വഴിവയ്ക്കുന്നു. 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയിൽ ഇത്തരം സ്റ്റീരിയോടൈപ്പുകൾ പ്രകടമായി കാണാൻ കഴിയും.

ഡിസെബിൾഡായ ആളുകൾ തങ്ങളുടെ ജീവിതക്രമത്തിൽ മറ്റുള്ളവരെ ആശ്രയിക്കുന്നുവെന്നും സ്വയം പരിപാലിക്കാൻ കഴിയില്ലെന്നുമുള്ള വിശ്വാസമാണ് സാധാരണയായി കാണുന്ന സ്റ്റീരിയോടൈപ്പിൽ ഒന്ന്. ശാരീരിക പരിമിതിയുള്ള ചില ആളുകൾക്ക് സ്വതന്ത്രമായി ജീവിക്കാൻ പിന്തുണയും താമസസൗകര്യവും ആവശ്യമാണെന്നത് ശരിയാണെങ്കിലും, ഡിസെബിൾഡായ നിരവധി വ്യക്തികൾ സംതൃപ്തമായ ജീവിതം നയിക്കാനും സമൂഹത്തിന് അർത്ഥപൂർണ്ണമായ രീതിയിൽ സംഭാവന നൽകാനും പ്രാപ്തരാണെന്ന വസ്തുത ഈ വിവരണങ്ങൾ അവഗണിക്കുന്നു. ഏലീസ മേൽ സൂചിപ്പിച്ച സ്റ്റീരിയോടൈപ്പിനു പുറത്തു നിൽക്കുമെന്നു പ്രഥമദൃഷ്ടിയിൽ തോന്നുമെങ്കിലും സിനിമയിലെ ചില സന്ദർഭങ്ങൾ ഇതിന് അപവാദമായി നിൽക്കുന്നു. ജോലി ചെയ്തു വരുമാനം കണ്ടെത്തി തന്റെ കാര്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്ന ആളാണ് ഏലീസ. അവളുടെ ആശയങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാൻ സെൽഡ എന്ന കഥാപാത്രത്തെ സുഹൃത്തായി നിയോഗിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ സെൽഡയുടെ കഥാപാത്രരൂപീകരണംതന്നെ ഒരു സ്റ്റീരിയോടൈപ്പായി മാറുന്നു. ഏലീസ ASL (അമേരിക്കൻ സൈൻ ലാംഗ്വേജ്) ഉപയോഗിച്ചാണ് ആശയവിനിമയം നടത്തുന്നത്. പ്രേക്ഷകനിൽ ഭൂരിഭാഗം ആളുകൾക്കും ആ ഭാഷ അറിയില്ല. ഇതിന് പരിഹരമായിട്ടുകൂടിയാണ് ഇത്തരം കഥാപാത്രരൂപീകരണം സംഭവിക്കുന്നത്. സംസാരശേഷി നഷ്ടപ്പെട്ട ആളുകൾ ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന ഭാഷ സാർവ്വത്രികമാകേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നുണ്ട്. മാറ്റൊരു ഭാഷ പഠിക്കുന്നതു പോലെ തന്നെ സംസാരശേഷി നഷ്ടപ്പെട്ടവർ ആശയവിനിമയം നടത്താനുപയോഗിക്കുന്ന ഭാഷാരീതിയെക്കൂടി പൊതുയിടങ്ങളുടെ ഭാഗമാക്കുന്നിടത്താണ് മേൽ സൂചിപ്പിച്ച സ്റ്റീരിയോടൈപ്പുകൾ തകർക്കപ്പെടുന്നത്.

ഡിസെബിൾഡായവർ അവരുടെ അവസ്ഥ കാരണം അസന്തുഷ്ടരോ ദയനീയരോ ആണെന്ന അനുമാനമാണ് മറ്റൊരു സ്റ്റീരിയോടൈപ്പ്. ഡിസെബിൾഡായ ആളുകൾക്ക് അവരുടെ ജീവിതത്തിൽ സന്തോഷവും സംതൃപ്തിയും അനുഭവിക്കാൻ കഴിയുമെന്ന വസ്തുതയെ ഈ ആഖ്യാനപ്രവണത അവഗണിക്കുന്നു. അത്ഭുതജീവിയെ രക്ഷിക്കുന്നതിന്റെ പ്രാധാന്യം എന്താണെന്നു ഏലീസ ഗൈൽസിനോട് വിശദീകരിക്കുന്ന രംഗത്തിലെ സംഭാഷണം

ഇങ്ങനെയാണ്.

> "അവൻ എന്നെ നോക്കുമ്പോൾ, അവൻ എന്നെ നോക്കുന്ന രീതിയിൽ, എനിക്ക് എന്താണ് കുറവെന്നോ ഞാൻ എങ്ങനെ അപൂർണ്ണയാണെന്നോ അവനറിയില്ല."

ഡിസെബിൾഡായവർ അരക്ഷിതരാണെന്ന ബോധത്തെ ആവർത്തിക്കുകയാണ് ഈ രംഗം. ഡിസെബിൾഡായവർക്ക് പ്രണയിക്കാനുള്ള സാധ്യതകൾ പരിമിതമാണെന്നും തങ്ങളുടെ കുറവുകളാണ് അതിന് കാരണം എന്ന ചിന്തയും പേറിയാണ് അവർ ജീവിക്കുന്നതെന്ന തെറ്റിദ്ധാരണയെ ഊട്ടിയുറപ്പിക്കുകയാണിവിടെ. ഏലീസയെ പ്രണയിക്കാൻ അവളുടെ സ്വന്തം പരിസരത്തുനിന്നും ആരും ഇല്ലെന്നാണോ അതോ ശാരീരിക പരിമിതിയുള്ളതുകൊണ്ട് വിചിത്രരൂപമുള്ള ജീവികൾ മാത്രമേ അവളെ പ്രണയിക്കാൻ തയ്യാറാവുകയുള്ളു എന്നതാണോ ഈ ആഖ്യാനത്തിലൂടെ ലക്ഷ്യം വച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. ഏതു തന്നെയാണെങ്കിലും ഇത്തരം അവതരണങ്ങൾ പ്രശ്നവൽക്കരിക്കേണ്ടതു തന്നെയാണ്.

ഡിസെബിൾഡായവർക്ക് വൈവിധ്യമാർന്ന താൽപ്പര്യങ്ങളോ അനുഭവങ്ങളോ ഉണ്ടാവുകയില്ലെന്ന ചിന്തയാണ് മറ്റൊരു സ്റ്റീരിയോടൈപ്പ്. ഡിസെബിലിറ്റിയോടുകൂടി ജീവിക്കുന്നത് ഒരു വ്യക്തിയുടെ അനുഭവങ്ങളെയും കാഴ്ചപ്പാടുകളെയും ബാധിക്കുമെന്നത് ശരിയാണെങ്കിലും, അവർ വൈവിധ്യമാർന്ന താൽപ്പര്യങ്ങളും അഭിനിവേശങ്ങളും അനുഭവങ്ങളുമുള്ള ബഹുമുഖ വ്യക്തികളാണെന്ന വസ്തുതയെ ഇത്തരം അവതരണങ്ങൾ അവഗണിക്കുന്നു. അത്ഭുതജീവിയും ഏലീസയും തമ്മിലുള്ള പ്രണയം അവതരിപ്പിക്കുന്ന ഒരു ഗാനരംഗം സിനിമയിലുണ്ട്. പാട്ടിന്റെ ആരംഭത്തിൽ ASL ഉപയോഗിച്ചു സംസാരിക്കുകയും പിന്നീട് ഏലീസ സംസാരശേഷി നേടി, പാട്ടുപാടുന്ന രംഗങ്ങളും സിനിമയിൽ കാണാം. ഏലീസ അത്ഭുതജീവിയോട് വാക്കാലുള്ള സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല അവൾ പൂർണ്ണമായും സ്വതന്ത്രയായി എന്ന രീതിയിൽ ചിത്രീകരിക്കപ്പെടുന്ന സിനിമയിലെ ഒരു രംഗം കൂടിയാണിത്. അനുഭവസംബന്ധിയായ ഭാവങ്ങളെ അവതരിപ്പിക്കുന്നതിൽ ഡിസെബിലിറ്റി ഒരു പരിമിതിയായി നിൽക്കുന്നു എന്ന സൂചനകൾ ഈ അവതരണത്തിലൂടെ ഉണ്ടാകുന്നു.

ഏലീസയുടെ കഥാപാത്രം മറ്റുകഥാപാത്രങ്ങളെ പോലെതന്നെ ഏകമാനമാണ്. ഈ കഥാപാത്രത്തെ നെഗറ്റീവ് സ്റ്റീരിയോടൈപ്പുകളുടെ ഒരു കൂട്ടമായി പരിഗണിക്കാം. സമൂഹത്തിന്റെ പൊതുബോധ നിർമ്മിതിക്കു

പുറത്തു നിൽക്കുന്ന അപരത്വം ഏലീസയുടെ കഥാപാത്രത്തിൽ കാണാം. നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ ഡിസെബിൾഡ്‌യ വ്യക്തികളിൽ കാര്യമായ സ്വാധീനം ചെലുത്തും. വികലാംഗരായ ആളുകളെ നിസ്സഹായരായി ചിത്രീകരിക്കുമ്പോൾ, അവർ സമൂഹത്തിന് സംഭാവന ചെയ്യാനോ സംതൃപ്തമായ ജീവിതം നയിക്കാനോ കഴിവില്ലാത്തവരാണെന്ന അനുമാനത്തിലേക്ക് നയിച്ചേക്കാം. വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക ഇടപെടലുകൾ തുടങ്ങിയ മേഖലകളിൽ ഇത് വിവേചനത്തിനും ഒഴിവാക്കലിനും ഇടയാക്കും. ഡിസെബിൾഡായവർ പുറത്തുള്ളവരോ അപരരോ ആണെന്ന സങ്കൽപ്പം 'ഷേപ്പ് ഓഫ് വാട്ടറി'ൽ മാത്രമൊതുങ്ങുന്നതല്ല. ഇത് സമൂഹത്തിലെ മിക്കവരും പുലർത്തുന്ന ഒരു മനോഭാവമാണ്. അബോധത്തിലുള്ള ഈ മുൻവിധിയാണ് അത്യന്തം വെല്ലുവിളിക്കപ്പെടേണ്ടത്.

### ടോക്സിക് റൊമാന്റിക് ഫാന്റസി

റൊമാന്റിക് ഫാന്റസി ഗണത്തിൽ ഉൾപ്പെടുന്ന സിനിമയാണ് 'ഷേപ്പ് ഓഫ് വാട്ടർ'. എന്നാൽ സിനിമ മുന്നോട്ട് വയ്ക്കുന്ന പ്രണയചിന്തകളെ ഡിസെബിലിറ്റി പഠനങ്ങളോട് ചേർത്തുവെച്ച് അപഗ്രഥിക്കേണ്ടതുണ്ട്. അക്ഷരാർത്ഥത്തിൽ ഒരു മത്സ്യരാക്ഷസനെ മനുഷ്യന് സ്നേഹിക്കാൻ കഴിയുന്ന ഒരു ലോകം നമുക്ക് സങ്കൽപ്പിക്കാൻ കഴിയുമെങ്കിൽ, ശാരീരിക പരിമിതികളുള്ള ഒരു വ്യക്തിയെ സഹജീവികൾക്ക് സ്നേഹിക്കാൻ കഴിയുന്ന ഒരു ലോകവും നമുക്ക് സങ്കൽപ്പിക്കാൻ കഴിയും. ഇവിടെയാണ് 'ഷേപ്പ് ഓഫ് വാട്ടറി'ലെ പ്രണയചിന്തകൾ വിപരീതഫലം നൽകുന്നത്. എന്തുകൊണ്ടാണ് താൻ അത്ഭുതജീവിയുമായി പ്രണയത്തിലായത് എന്ന് ഏലീസ വിശദീകരിക്കുന്ന രംഗം ഏറെ പ്രധാനപ്പെട്ടതു തന്നെയാണ്. അവൾ ഇങ്ങനെ പറയുന്നു.

> "അവൻ എന്നെ നോക്കുമ്പോൾ, അവൻ എന്നെ നോക്കുന്ന രീതിയിൽ, എനിക്ക് എന്താണ് കുറവെന്നോ ഞാൻ എങ്ങനെ അപൂർണ്ണയാണെന്നോ അവനറിയില്ല."

യഥാർത്ഥത്തിൽ ഡിസെബിൾഡായവരുടെ പ്രണയചിന്തകളെയും നിലനിൽപ്പിനെ തന്നെയും പ്രതിസന്ധിയിലാക്കുന്നുണ്ട് ഈ വാക്കുകൾ. ഏലീസയും അത്ഭുതജീവിയും അപരത്വം പേറുന്ന ഒരേ പരിസരത്തിൽ നിൽക്കുന്നതുകൊണ്ടല്ല അവർ പ്രണയത്തിലാകുന്നത്. മറിച്ച് അവളുടെ ശാരീരിക പരിമിതിയെ അവനറിയാത്തത് കൊണ്ടാണ്. ഏലീസയ്ക്ക് സ്നേഹം ലഭിക്കാനുള്ള ഒരേയൊരു മാർഗ്ഗം അവളുടെ പരിമിതിയെ മനസ്സിലാക്കാൻ കഴിയാത്ത ഒരാളെ കണ്ടെത്തുന്നതിലൂടെയേ സാധ്യമാവുകയുള്ളൂ എന്ന ധ്വനി

ഇവിടെ രൂപപ്പെടുന്നു. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് 'ദ ഷേപ്പ് ഓഫ് വാട്ടർ' ഒരു ടോക്സിക് റൊമാന്റിക് ഫാന്റസിയാണെന്ന് വിലയിരുത്തേണ്ടി വരുന്നത്. ഡിസെബിലിറ്റിയുള്ളവർ ഒരു പ്രണയ പങ്കാളിയെ കണ്ടെത്തുന്നത് അപൂർവ്വമാണെന്നും അങ്ങനെ കണ്ടെത്തിയാൽതന്നെ -അത് ഒരു രാക്ഷസനാണെങ്കിൽപ്പോലും—സ്വന്തം ഇടത്തുനിന്നും തനിക്കു ചേർന്ന ആളെ കണ്ടെത്താൻ കഴിയില്ലയെന്നും പറഞ്ഞു വയ്ക്കുന്ന രീതി ടോക്സിസിറ്റി തന്നെയാണ്.

അത്ഭുതജീവിയെ കനാലിൽ ഒഴുക്കിവിടാൻ നേരത്ത് തന്നോടൊപ്പം വരാൻ ജീവി അവളോട് ആവശ്യപ്പെടുകയും ഏലീസ അത് നിരസിക്കുകയും ചെയ്തു. അവൾ സ്വന്തം ഇടത്ത് കഴിയാൻ തീരുമാനിച്ചിരുന്നു. മനുഷ്യലോകമാണ് തന്റെ ഇടമെന്ന് അവൾ കരുതുന്നു. എന്നാൽ അവൾ സ്ട്രിക്ലാൻഡിന്റെ വെടിയേറ്റ് വീഴുമ്പോൾ, അത്ഭുതജീവി സ്ട്രിക്ലാൻഡിനെ കൊല്ലുകയും ഏലീസയുടെ മരണാസന്നമായ ശരീരം എടുത്ത് കനാലിലേക്ക് ചാടുകയും ചെയ്യുന്നു. കാമുകൻ അവളെ ഒരു കടൽനിവാസിയാക്കി മാറ്റിയപ്പോൾ അവൾ അബോധാവസ്ഥയിലായിരുന്നു. അതിനാൽ കടലിലേക്ക് പോകുക എന്ന തീരുമാനത്തിൽ അവൾക്ക് കാര്യമായ ഇടപെടൽ ഇല്ലായിരുന്നു. ജീവിതകാലം മുഴുവൻ അവനോടൊപ്പം വെള്ളത്തിനടിയിൽ ജീവിക്കുക എന്നത് അവളുടെ തെരഞ്ഞെടുപ്പ് ആയിരുന്നില്ല. ഈ പ്രതിസന്ധിയുടെ തുടർച്ച ഗൈൽസ് എന്ന കഥാപാത്രം അവസാനം നൽകുന്ന വിവരണത്തിൽ കാണാം . അയാൾ പറയുന്നു,

> "അവളെക്കുറിച്ച് നിങ്ങളോട് ഞാൻ എന്ത് പറയും? അവർ എന്നെന്നും സന്തോഷത്തോടെ ജീവിച്ചുവെന്നോ? അങ്ങനെയാണ് ഞാൻ വിശ്വസിക്കുന്നത്..."

അത്ഭുതജീവിയുമായി ജലത്തിൽ അവൾ സന്തോഷത്തോടെ ജീവിച്ചുവെന്നു പറയുന്നിടത്തു സിനിമയിൽ പ്രകടമാകുന്ന ടോക്സിസിറ്റിയുടെ അടുത്ത ഘട്ടം വിലയിരുത്താം. ഡിസെബിൾഡായ ആളുകൾക്ക് സന്തോഷത്തോടെ ജീവിക്കാൻ കഴിയുന്നത് ഈ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാകുക എന്നതിലൂടെ മാത്രമാണ്. ഇതൊരു ഹാനികരമായ വിവരണമാണ്. നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ സൃഷ്ടിക്കുന്ന വെല്ലുവിളികൾക്കൊപ്പംതന്നെ കേന്ദ്രീകൃതമായ ഇത്തരം സന്ദേശങ്ങൾ മുന്നോട്ട് വെയ്ക്കുന്നതിനെയും നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.

### ലൈംഗികതയും ഡിസെബിലിറ്റി നരേറ്റീവുകളും

ആഖ്യാനങ്ങൾ പലപ്പോഴും ഡിസെബിൾഡായ വ്യക്തികളുടെ ലൈംഗികതയെക്കുറിച്ചുള്ള ചർച്ചകൾ അവഗണിക്കുന്നു. ഈ പ്രാതിനിധ്യമില്ലായ്മ പൊതുബോധനിർമ്മിതിയുടെ ഉൽപ്പന്നം കൂടിയാണ്. ഇത്തരം പ്രവണതകൾ ഡിസെബിൾഡായവർ അലൈംഗികരോ ലൈംഗികാഭിലാഷമില്ലാത്തവരോ ആണെന്ന തെറ്റിദ്ധാരണ രൂപപ്പെടുത്തുന്നു. ഡിസെബിൾഡായ പലർക്കും ലൈംഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ശാരീരിക തടസ്സങ്ങൾ നേരിടേണ്ടി വന്നേക്കാം, അതായത് ചലനശേഷിയോ സംവേദനക്ഷമതയോ പോലുള്ള ബുദ്ധിമുട്ടുകൾ. എന്നാൽ ശാരീരിക പരിമിതികളുള്ളവരുടെ ലൈംഗികതയെപ്പറ്റി പല വിധത്തിലുള്ള അബദ്ധ ധാരണകൾ പൊതുബോധത്തിൽ നിലനിൽക്കുന്നുണ്ട്. ഡിസെബിലിറ്റി നരേറ്റീവുകളിൽ ലൈംഗികതയെക്കുറിച്ചുള്ള ചർച്ചകൾ ഉൾപ്പെടുത്തുന്നത് ഈ വിഷയങ്ങളെക്കുറിച്ച് അവബോധം വളർത്താൻ സഹായിക്കും. ഡിസെബിൾഡായ വ്യക്തികളെ ആഗ്രഹങ്ങളും ആവശ്യങ്ങളും പൂർണ്ണമായി സാക്ഷാത്കരിച്ച മനുഷ്യരായി ചിത്രീകരിക്കുന്നതിനുപകരം സഹതാപത്തിന്റെയോ പ്രചോദനത്തിന്റെയോ വസ്തുക്കളായി ചിത്രീകരിക്കുന്ന പ്രവണത ആഖ്യാനരൂപങ്ങളിൽ പ്രകടമാണ്. ലൈംഗിക സാഹചര്യങ്ങളിൽ ഡിസെബിൾഡായ കഥാപാത്രങ്ങളെ ഉൾപ്പെടുത്തുന്നതിലൂടെ, എഴുത്തുകാർക്ക് ഈ സ്റ്റീരിയോടൈപ്പുകളെ വെല്ലുവിളിക്കാനും ഡിസെബിലിറ്റിയെക്കുറിച്ച് കൂടുതൽ സൂക്ഷ്മമായ ധാരണ നൽകാനും കഴിയും.

സിനിമയുടെ ആരംഭത്തിൽ ഏലീസ ബാത്ത് ടബ്ബിൽ കിടന്നുകൊണ്ട് സ്വയംഭോഗം ചെയ്യുന്ന രംഗം ചിത്രീകരിക്കുന്നതിലൂടെ,ഡിസെബിൾഡായവരുടെ ലൈംഗികതയോട് തുറന്ന സമീപനമാണ് പുലർത്തുന്നതെന്ന സൂചനകൾ സിനിമ മുന്നോട്ട് വയ്ക്കുന്നു. സംസാരശേഷിയില്ലാത്ത സ്ത്രീ ലൈംഗികാഭിലാഷങ്ങളിൽനിന്ന് മുക്തയല്ല, അക്ഷരാർത്ഥത്തിൽ അവൾ തന്റെ ആനന്ദം കണ്ടെത്തുന്നു. എന്നാൽ അത്ഭുതജീവിയുമായുള്ള ലൈംഗികബന്ധം എപ്രകാരമാണ് സംഭവിക്കുന്നത് എന്ന് വിശദീകരിക്കാൻ സെൽഡ ഏലീസയോട് ആവശ്യപ്പെടുമ്പോൾ, ആ ചോദ്യം തന്നെ പൊതുബോധ ചിന്തയുടെ സ്വരം സ്വീകരിക്കുന്നു. “നിങ്ങൾക്ക് ഇത് എങ്ങനെ ചെയ്യാൻ കഴിയും?.” നിർഭാഗ്യകരമായ ഇത്തരം ചോദ്യങ്ങൾ ‘കഴിവുള്ള’ ആളുകൾ യഥാർത്ഥ ജീവിതത്തിലും ഡിസെബിൾഡായവരോട് ചോദിക്കുന്നു. സമൂഹത്തിലെ ഇത്തരം തെറ്റായ പ്രവണതകളെ സിനിമകളും ഊട്ടിയുറപ്പിക്കുന്നു എന്നതിന് തെളിവാണ് ഈ രംഗം. ഡിസെബിലിറ്റി നരേറ്റീവുകളിൽ

ലൈംഗികതയെക്കുറിച്ചുള്ള ചർച്ചകൾ ശ്രദ്ധയോടെയും ചിന്താപൂർവ്വവും നടത്തേണ്ടതുണ്ട്. വൈകല്യവുമായി ബന്ധപ്പെട്ട ആഘാതം അനുഭവിച്ച വർക്ക് ലൈംഗികതയെക്കുറിച്ചുള്ള ചർച്ചകൾ ബുദ്ധിമുട്ട് ഉണ്ടാക്കിയേക്കാം. അതിനാൽ ഈ വിഷയങ്ങളെ സൂക്ഷ്മതയോടെയും പരിഗണനയോടെയും സമീപിക്കേണ്ടതുണ്ട്. കൂടാതെ ഇത്തരം വിഷയങ്ങളിൽ ഡിസെബിൾഡായ വ്യക്തികളുമായി കൂടിയാലോചിച്ചതിനു ശേഷം ഉള്ളടക്ക രൂപീകരണം നടത്തു ന്നതാണ് ഉചിതം. ഡിസെബിലിറ്റിയെക്കുറിച്ചുള്ള സൂക്ഷ്മവും സമഗ്രവുമായ ധാരണകൾ വളർത്തുന്നതിന് ഡിസെബിലിറ്റി നരേറ്റീവുകളിൽ ലൈംഗികത യെക്കുറിച്ചുള്ള ചർച്ചകൾ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## ഡിസെബിലിറ്റി മിമിക്രി

ഡിസെബിലിറ്റി മിമിക്രി എന്നത് ഡിസെബിൾഡല്ലാത്ത വ്യക്തികളോ സമൂഹമോ ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട പെരുമാറ്റരീതികൾ, സംസാ രരീതികൾ അല്ലെങ്കിൽ ശാരീരിക സവിശേഷതകൾ അനുകരിക്കുകയോ പുനർസൃഷ്ടിക്കുകയോ ചെയ്യുന്ന പ്രവൃത്തിയെ സൂചിപ്പിക്കുന്നു. സിനിമകൾ, ടെലിവിഷൻ ഷോകൾ, ഹാസ്യ അവതരണങ്ങൾ എന്നിവ പോലുള്ള വിനോദ ആവശ്യങ്ങൾക്കായി ഡിസെബിലിറ്റി മിമിക്രി ഉപയോഗിക്കാറുണ്ട്, എന്നാൽ ഇത് യഥാർത്ഥ ജീവിതസാഹചര്യങ്ങളിലും സംഭവിക്കാം. ഡിസെബിലിറ്റി യുമായി ബന്ധപ്പെട്ട ശാരീരികവും പെരുമാറ്റപരവുമായ സവിശേഷതകളെ, പെരുപ്പിച്ചു കാണിക്കുന്നതിനോ പരിഹസിക്കുന്നതിനോ ആണ് ഡിസെബി ലിറ്റി മിമിക്രി പലപ്പോഴും ശ്രമിക്കുന്നത്. ഇത് ഡിസെബിൾഡായവരെക്കുറിച്ച് നിഷേധാത്മകമായ സ്റ്റീരിയോടൈപ്പുകളെ വളർത്തുന്നു. ഡിസെബിലിറ്റിയെ ഒരു തമാശയായോ വിനോദത്തിന്റെ രൂപമായോ പരിഗണിക്കുന്നതിലൂടെ, ഡിസെബിൾഡായവർ നേരിടുന്ന യഥാർത്ഥ വെല്ലുവിളികളെ ഡിസെബിലിറ്റി മിമിക്രി നിസ്സാരമാക്കുന്നു.

'ഷേപ്പ് ഓഫ് വാട്ടറി'ൽ സമാനമായ പ്രശ്നം കാണുവാൻ കഴിയും. ഏലീസ എന്ന കഥാപാത്രം സംസാരശേഷി ഇല്ലാത്തയാളാണെങ്കിൽ, നടി സാലി ഹോക്കിൻസ് അങ്ങനെയല്ല. അഭിനേത്രി ഊമയായ ഒരു സ്ത്രീ ആയിരുന്നെങ്കിൽ അത് കൂടുതൽ ശക്തമായ ഒരു സിനിമയാകുമായിരുന്നു, പ്രത്യേകിച്ച് അവരുടെ പ്രകടനം ഒഴുക്കുള്ളതും സ്വാഭാവികവുമാകുമായിരുന്നു. ചലച്ചിത്ര നിർമ്മാതാവ് ഡൊമിനിക് ഇവാൻസ് ഡിസെബിലിറ്റി മിമിക്രിയുടെ ഒരു ഉദാഹരണമായി ഹോക്കിൻസിന്റെ കാസ്റ്റിംഗിനെ വിശേഷിപ്പിക്കുന്നു.

"ഇത് 'ക്രൈപ്പിംഗ് അപ്പ്' എന്നും 'ഡിസെബിലിറ്റി ഡ്രാഗ്' എന്നും

അറിയപ്പെടുന്നു. ഡിസെബിൾഡല്ലാത്ത ഒരു അഭിനേതാവ് ഡിസെബിൾഡായ കഥാപാത്രത്തെ അവതരിപ്പിക്കുന്നത് പ്രകടനത്തെ വിലകുറച്ചു കാണിക്കുകയും അത് നന്നായി ചെയ്യാൻ കഴിയുമായിരുന്ന ഒരാളിൽനിന്ന് ആ ജോലി എടുത്തുകളയുകയും ചെയ്യുന്നു. ഹോക്കിൻസിന് ഡിസ്‌ലെക്സിയയും ലൂപ്പസും ഉണ്ടെങ്കിലും, അവർ ഊമയല്ല, അതിനാൽ ഏലീസയുടെ വേഷം അവതരിപ്പിക്കുമ്പോൾ അവർ പതറിപ്പോകുന്നു."

ഹോക്കിൻസിന് യഥാർത്ഥത്തിൽ ഡിസെബിലിറ്റിയുണ്ടെങ്കിലും (ലൂപ്പസ്) അവർക്ക് സംസാരിക്കാനുള്ള ബുദ്ധിമുട്ടുകളില്ല. ചിത്രീകരണത്തിന് മുമ്പ് ഹോക്കിൻസിന് അമേരിക്കൻ ആംഗ്യഭാഷയും അറിയില്ലായിരുന്നു. ബധിരരായ പല നിരൂപകരും പറയുന്നതനുസരിച്ച്, ഹോക്കിൻസിന്റെ ASL പരിമിതികൾ ഉള്ളതായിരുന്നു. ബധിരയായ ഒരു നടിയായിരുന്നു ആ വേഷത്തിന് കൂടുതൽ അനുയോജ്യയെന്ന് അവർ കരുതുന്നു. ഒഴുക്കുള്ള ASL ഉപയോഗിക്കാൻ കഴിയുന്ന ആളായിരുന്നു അഭിനേതാവ് എങ്കിൽ ഏലീസയുടെ കഥാപാത്ര ചിത്രീകരണത്തിന്റെ തീവ്രത വർദ്ധിപ്പിക്കാൻ കഴിയുമായിരുന്നു. ഇതുവരെ നൽകപ്പെട്ട അഭിനയ ഓസ്കാറുകളുടെ ഏതാണ്ട് പകുതിയും കൂടാതെ, നിരവധി നോമിനേഷനുകളും ഡിസെബിൾഡോ അസുഖമോ ഉള്ള കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന അഭിനേതാക്കളുടെ പേരിലാണ്. ഇതിൽ പകുതി വേഷങ്ങളെങ്കിലും ഡിസെബിൾഡായ അഭിനേതാക്കൾ ചെയ്തിരുന്നെങ്കിൽ, ഇന്ന് ഏറ്റവും ആദരണീയരായ അഭിനേതാക്കളിൽ 25 ശതമാനം പേർക്കും ഡിസെബിലിറ്റി ഉണ്ടാകുമായിരുന്നു. എന്നാൽ അവാർഡ് ലഭിച്ച എത്ര നടന്മാർക്ക് അവരുടെ കഥാപാത്രങ്ങൾക്ക് സമാനമായ ഡിസെബിലിറ്റി ഉണ്ടായിരുന്നു എന്നത് ചിന്തിക്കേണ്ട വിഷയമാണ്. ഡിസെബിലിറ്റിയോ അസുഖമോ ഉള്ള ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നത് ഓസ്കാറിലേക്കുള്ള ഒരു ഉറപ്പായ പാതയായി പണ്ടേ കണ്ടിരുന്നു. ഡിസെബിൾഡായവരെക്കുറിച്ചുള്ള കഥകൾ ഡിസെബിലിറ്റിയുള്ള ആളുകളുടെ സാന്നിധ്യമില്ലാതെ പറയുമ്പോൾ രൂപപ്പെടുന്ന അസന്തുലനാവസ്ഥ കൃത്യമായി പരിഹരിക്കേണ്ടതുണ്ട്.

### ഉപസംഹാരം

ഡിസെബിൾഡായ വ്യക്തികളോടുള്ള സാമൂഹികമനോഭാവത്തെ രൂപപ്പെടുത്തുന്നതിൽ ചലച്ചിത്രാഖ്യാനങ്ങൾ വലിയ പങ്ക് വഹിക്കുന്നു. ഡിസെബിൾഡായ വ്യക്തികൾ കടന്നുപോകുന്ന പ്രതിസന്ധികളെ ശരിയായ രീതിയിൽ സമൂഹത്തിലേക്കെത്തിക്കാനും പൊതുബോധനിർമ്മിതികളെ ചോദ്യം

ചെയ്യാനും കഴിയുന്ന ആഖ്യാനരീതികൾക്ക് വലിയ ചലനം സൃഷ്ടിക്കാൻ കഴിയും. എന്നാൽ നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ ഈ ആശയത്തിനു വെല്ലുവിളി സൃഷ്ടിക്കുന്നു. മികച്ചതെന്ന് വിശേഷിപ്പിക്കുന്ന സിനിമകൾപോലും ഈ പ്രവണതകളെ പിൻതുടരുന്നു. ഡിസെബിലിറ്റി നരേറ്റീവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടുകയും ഓസ്കാർ അവാർഡ് നേടുകയും ചെയ്ത 'ഷേപ്പ് ഓഫ് വാട്ടർ' എന്ന ചിത്രം ഇതിനുദാഹരണമാണ്. ഡിസെബിൾഡായ ആളുകൾ തങ്ങളുടെ ജീവിതക്രമത്തിൽ മറ്റുള്ളവരെ ആശ്രയിക്കുന്നുവെന്നും വൈകല്യമുള്ളവർ അവരുടെ അവസ്ഥ കാരണം അസന്തുഷ്ടരോ ദയനീയരോ ആണെന്നും, അവർക്ക് വൈവിധ്യമാർന്ന താൽപ്പര്യങ്ങളോ അനുഭവങ്ങളോ ഉണ്ടായിരിക്കാൻ കഴിയില്ലെന്നുമുള്ള സ്റ്റീരിയോടൈപ്പുകളിൽനിന്നും ഈ സിനിമയും മുക്തമല്ല. ഡിസെബിൾഡായവർ പ്രണയപങ്കാളിയെ കണ്ടെത്തുന്നത് അപൂർവമാണെന്നും അവർക്ക് സന്തോഷത്തോടെ ജീവിക്കാൻ ഈ ഭൂമിയിൽനിന്ന് അപ്രത്യക്ഷമാകുന്നതാണ് നല്ലതെന്നുമുള്ള സന്ദേശം മുന്നോട്ട് വെയ്ക്കുന്നിടത്ത് സിനിമയ്ക്ക് ടോക്സിക് റൊമാന്റിക് ഫാന്റസിയുടെ സ്വഭാവം കൈവരുന്നു. ഡിസെബിലിറ്റി നരേറ്റീവുകളിൽ ലൈംഗികതയെക്കുറിച്ചുള്ള ചർച്ചകൾ ശ്രദ്ധയോടെയും ചിന്താപൂർവ്വമായും നടത്തേണ്ടതാണ്. ശാരീരിക പരിമിതികളുള്ളവരുടെ ലൈംഗികതയെപ്പറ്റി പൊതുബോധത്തിൽ നിലനിൽക്കുന്ന അബദ്ധധാരണകൾ ലഘൂകരിക്കാനും സാമൂഹിക അവബോധം വളർത്താനും ഇത് സഹായിക്കും. കൂടാതെ ഇത്തരം വിഷയങ്ങൾ ആവിഷ്കരിക്കുമ്പോൾ ഡിസെബിൾഡായ വ്യക്തികളുമായി കൂടിയാലോചിച്ചതിനുശേഷം ഉള്ളടക്കരൂപീകരണം നടത്തുന്നതാണ് ഉചിതം. ഡിസെബിൾഡായവരെക്കുറിച്ചുള്ള കഥകൾ ഡിസെബിൾഡായ ആളുകൾ അവതരിപ്പിക്കേണ്ട ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുകയാണ് ഡിസെബിലിറ്റി മിമിക്രി എന്ന ആശയം. ഡിസെബിലിറ്റി മിമിക്രിയുടെ ഒരു ഉദാഹരണമായി 'ഷേപ്പ് ഓഫ് വാട്ടറി'ലെ ഹോക്കിൻസിന്റെ പ്രകടനം മാറുന്നു. ആഖ്യാനപരമായ മികവുകൊണ്ടും കാലഘട്ടത്തെ പുനർനിർമ്മിക്കുന്നതിലും സാങ്കേതികമായ മേഖലയിലും സിനിമ മികവ് പുലർത്തുന്നു. എന്നാൽ ഡിസെബിലിറ്റി നരേറ്റീവ് എന്ന സവിശേഷത കല്പ്പിച്ചുകൊണ്ട് നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ അവതിരിപ്പിക്കുന്നതിലൂടെ വിപരീതഫലങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള സന്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നിടത്താണ് 'ഷേപ്പ് ഓഫ് വാട്ടർ' വിമർശിക്കപ്പെടുന്നത്. ഡിസെബിൾഡായ വ്യക്തികൾക്ക് സമൂഹം കല്പിക്കുന്ന അപരത്വസ്വഭാവത്തെ ആഖ്യാനരൂപങ്ങളും ആവർത്തിക്കുന്നത് വിമർശിക്കപ്പെടേണ്ടതും

തിരുത്തപ്പെടേണ്ടതുമാണ്.

## സഹായകഗ്രന്ഥങ്ങൾ

Charlie Garcia-Spiegel, 2018, Disability, Race, and "The Shape of Water", https://charlie-garciaspiegel.medium.com/disability-race-and-the-shape-of-water-108381ac0019

Elsa Sjunneson-Henry, 2018, I Belong Where the People Are: Disability and The Shape of Water, https://www.tor.com/2018/01/16/i-belong-where-the-people-are-disability-and-the-shape-o

Elyse Wanshel, 2018, How 'The Shape Of Water' Makes People With Disabilities Feel Less Human, https://www.huffpost.com/entry/shape-of-water-offensive-to-people-with-disabilities_n_5a8b798de4b0a1d0e12c48fc

Karin Willison, 2018, The Shape of Oscar: Why We Need Authentic Disability Representation in Film, https://themighty.com/topic/disability/2018-oscars-actors-disabilities/

Kristen Lopez, 2017, How 'Shape of Water' Breaks Down Barriers About Sex and Disability, https://www.hollywoodreporter.com/movies/movie-news/shape-water-sex-scenes-break-down-barriers-sex-disability-1069815/

*felbin.antony@gmail.com*